**File No.TCPCTP/1300/2019-D**

**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തിരുവനന്തപുരം ജില്ല - തിരുവനന്തപുരം നഗരസഭ - വിഴിഞ്ഞം വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 12/4/2019 ലെ VZA1-5301/2018 നമ്പർ കത്ത്.

2. തിരുവനന്തപുരംടൗൺ പ്ലാനറുടെ 31/05/2019 ലെ TCPTVM/881/2019-D നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/1300/19-D തീയതി:**24/10/2019**

---

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള വിഴിഞ്ഞം വില്ലേജിൽ റീ സർവ്വേ നമ്പർ 337/8-2 -ൽ പ്പെട്ട ലീസിനെടുത്ത 22 cent സ്ഥലത്ത് പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. മാധുരി ദേവി. എസ്.വി (Lessee) & ശാലിനി. ഐ.പി (Lessor)- എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത കോവളം വിഴിഞ്ഞം ഏരിയ ഡെവലപ്മെൻറ് സ്കീം പ്രകാരമുള്ള കൺകറൻസും , കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും , പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്ക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ.1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 1999-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി

വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. Fire NOC , District Collector-ടെ NOC എന്നിവ ലഭ്യമാക്കേണ്ടതാണ്.
8. Road-ന്റെ Centre line ൽ നിന്നും കുറഞ്ഞത് 21. മീറ്റർ അകലം പാലിക്കേണ്ടതാണ്.
9. നിലവിൽ പ്ലോട്ട്, റോഡ് ലവലിൽ ഫിൽ ചെയ്തിട്ടുള്ളതിനാൽ ഇതിന്റെ Retaining Wall ന്റെ Structural Stability ഉറപ്പാക്കേണ്ടതാണ്.
10. പെട്രോൾ ടാങ്ക്, വെന്റ് പൈപ്പ് എന്നിവയുടെ സ്ഥാനവും നിർമ്മാണവും Petroleum Rule -1976 ലെ ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതാണ്.
11. കെ.എം.ബി.ആർ. ചട്ടം 59 (7a) പ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 112/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

പകർപ്പ്:-

1. മാധുരി ദേവി. എസ്.വി, പത്മശ്രീ, വെങ്ങാനൂർ, വെങ്ങാനൂർ. പി.ഒ, തിരുവനന്തപുരം-695523
2. ടൗൺ പ്ലാനർ, തിരുവനന്തപുരം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം